LIBRARY ARCHIVES Kerala Legislative Assembly

വെള്ളൂർ ഗവ. മാപ്പിള എൽ.പി. സ്കൂളിന് ഭൂമി

262 (2982) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂൾ വഖഫ് ഉടമസ്ഥതയിലുള്ള ഭൂമിയിലാണോ പ്രവർത്തിക്കുന്നത്?

അതെ.

(ബി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഭൂമി സ്കൂളിന് വിട്ടുകൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ?

1995-ലെ വഖഫ് നിയമത്തിൽ 2013-ലുണ്ടായ നിയമ ഭേദഗതി അനുസരിച്ച് 51(1-എ) വകുപ്പും 104-എ വകുപ്പും പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ അല്ലെങ്കിൽ കൈമാറ്റം എന്നിവ നിരോധിച്ചിട്ടുള്ളതാണ്.

ശബരി റെയിൽപാതയ്ക്കായി സ്ഥലമേറ്റെടുപ്പ്

263 (2983) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരി റെയിൽപ്പാത പദ്ധതി നടപ്പിലാക്കുന്നത് സജീവ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡ് നിർദ്ദേശിച്ചപ്രകാരം അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 7-1-2021-ലെ സ.ഉ.(കൈ) നമ്പർ 1/2021/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം മെമ്പർ എഞ്ചിനീയറിംഗ് റെയിൽവേ ബോർഡിന്റെ അറിവിലേയ്ക്കും തുടർനടപടികൾക്കായും നൽകുകയും കൂടാതെ സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ ഈ വിവരം അറിയിക്കുകയും ചെയ്തു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി.

(ബി) ഈ പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

നിലവിൽ പ്രസ്തുത പദ്ധതി റെയിൽ മന്ത്രാലയം തൽക്കാലത്തേയ്ക്ക് ഘനീഭവിപ്പിച്ചിരിക്കുകയാണ്. എന്നാൽ അങ്കമാലി- ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

വഹിക്കുന്നതാണെന്ന് 7-1-2021-ലെ G.O.(Ms)No.1/2021/Trans പ്രകാരം സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ സർക്കാരിന്റെ ഈ തീരുമാനം അറിയിക്കുകയും പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയുംപെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യത്തിൽ റെയിൽവേയുടെ അനുകൂല തീരുമാനമുണ്ടാകുന്നമുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്.

(സി) സർക്കാർ ഈ പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്ന എന്ന കാരണത്താൽ പദ്ധതി നടത്തിപ്പിനായി 1996-97 കാലത്ത് കണ്ടെത്തിയിട്ടുള്ള/അളന്ന് തിരിച്ചിട്ടുള്ള സ്വകാര്യ ഭൂമി വിൽക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത സ്വകാര്യ ഭൂമി വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ എന്തെങ്കിലും തടസമുണ്ടെങ്കിൽ ആയത് നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാമോ?

പരാതി ലഭ്യമായാൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

264 (2984) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതിക്ക് കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രസർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന്റെയും കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെയും കേന്ദ്രമന്ത്രി സഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെന്റിച്ചർ എന്നീ വിഭാഗങ്ങൾ